**സബ്മിഷൻ**

1. വൈസ് ചാൻസലർ തെരഞ്ഞെടുപ്പ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ തന്റെ ബയോഡാറ്റയിൽ വ്യാജ വിവരങ്ങൾ നൽകി സെർച്ച് കമ്മിറ്റിയെ കബളിപ്പിച്ചുവെന്ന ഗുരുതരമായ ഒരു ആരോപണം ഉയർന്നുവന്നിരിക്കുകയാണ്. 23-12-2017-ലാണ് വൈസ് ചാൻസലറെ തെരഞ്ഞെടുക്കാൻ വേണ്ടിയുള്ള സെർച്ച് കമ്മിറ്റി യോഗം ചേർന്നത്. ആകെ ഒരേയൊരു യോഗമാണ് നടത്തിയത്. ആ യോഗത്തിൽ വച്ച് അന്നുതന്നെ വൈസ് ചാൻസലർ ആകുന്നതിനുള്ള അപ്പോയിന്റ്മെന്റ് ഓർഡർ കൊടുക്കുകയാണ്. അദ്ദേഹം ഇരുപത് പ്രധാനപ്പെട്ട വിവരങ്ങളാണ് കൊടുത്തിരിക്കുന്നത്. ലോകത്തിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളിൽ അദ്ദേഹം വിസിറ്റിംഗ് സയന്റിസ്റ്റ് ആയിരുന്നു എന്നുള്ള രീതിയിലാണ്. University of California, Davis, U.S.A.-ൽ പ്രോജക്ട് ചെയ്തുവെന്നാണ് അദ്ദേഹം പറയുന്നത്. യൂണിവേഴ്സിറ്റിയിൽനിന്നും കിട്ടിയ വിവരം, 'there is no University of California Davis faculty listed on the page' അങ്ങനെയൊരു ഫാക്കൽറ്റിയില്ല എന്നാണ്; 'We can't find anyone who knows Dr. R. Chandrababu'. ഇദ്ദേഹത്തെ അറിയാവുന്ന ഒരാളെപ്പോലും

യൂണിവേഴ്സിറ്റിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ്. North Carolina State University-ൽ അദ്ദേഹം വിസിറ്റിംഗ് സയന്റിസ്റ്റാണെന്ന് പറയുന്നു. 'We do not have any record of Dr. R. Chandrababu who has been working at NC State University', ഒരു റിക്കോർഡും യൂണിവേഴ്സിറ്റിയിലില്ല. Lawrence Berkeley National Laboratory-ൽ വിസിറ്റിംഗ് സയന്റിസ്റ്റാണെന്ന് പറയുന്നു. 'LBNL does not have any record of Chandrababu Ranganathan being affiliated at LBNL now or in the past' എന്നാണ് Lawrence Berkeley National Laboratory പറയുന്നത്. വേറെ യൂണിവേഴ്സിറ്റിയിൽനിന്നുമുള്ള വിവരങ്ങൾ അനുസരിച്ച് അദ്ദേഹത്തിന്റെ പല ക്ലെയിമും ഇതുമായി യാതൊരു ബന്ധവുമില്ല എന്ന രീതിയിലാണ്. ബയോടെക്നോളജി ഡിപ്പാർട്ടുമെന്റ് അദ്ദേഹം പ്രോജക്ട് ചെയ്തുവെന്ന് പറയുന്നു, എന്നാൽ വിവരാവകാശ നിയമപ്രകാരം കിട്ടിയിരിക്കുന്ന വിവരം ഈ പ്രോജക്ടുകൾ ഒന്നും ചെയ്തത് അദ്ദേഹമല്ല എന്നുള്ളതാണ്. മുഴുവൻ പ്രോജക്ടുകളും വേറെ ആളുകൾ ചെയ്തതാണ്. നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററിൽ അദ്ദേഹം കൊളാബറേറ്റ് ചെയ്ത് വർക്ക് ചെയ്തിരുന്നുവെന്ന ക്ലെയിമുണ്ട്. അദ്ദേഹവുമായി യാതൊരു

ബന്ധവുമില്ല, അദ്ദേഹം ഒരു പ്രോജക്ടും ചെയ്തിട്ടില്ല എന്നാണ് നാഷണൽ റിമോട്ട് ഏജൻസി പറയുന്നത്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും പറയുന്നത് ഇദ്ദേഹവുമായിട്ട് യാതൊരു ബന്ധവുമില്ലായെന്നാണ്. അതുപോലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച്, ബാംഗ്ലൂരിൽ ഒരു പ്രോജക്ട് ചെയ്തതായി അദ്ദേഹം പറയുന്നു. 'These projects are not related to Dr. R. Chandrababu or his laboratory' എന്നാണ് അവർ പറയുന്നത്. ആസ്സാം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും ഒരു പ്രോജക്ടും ചെയ്തിട്ടില്ലെന്നു പറയുന്നു. അദ്ദേഹവുമായി അവർക്കൊരു ബന്ധവുമില്ലായെന്ന് നാഷണൽ റിസർച്ച് സെന്റർ ആന്ധ്രാപ്രദേശ് പറയുന്നു. ലോകത്തിലെ പ്രധാനപ്പെട്ട ഇരുപത് സ്ഥാപനങ്ങളുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നുവെന്നും അദ്ദേഹം റിസർച്ച് ചെയ്തിരുന്നുവെന്നും പ്രോജക്ട് ചെയ്തിരുന്നുവെന്നും അദ്ദേഹം വഴി പ്രോജക്ട് കിട്ടിയിരുന്നുവെന്നുമുള്ള സെർച്ച് കമ്മിറ്റിയുടെ മുൻപാകെ നൽകിയ എല്ലാ ക്ലെയിമും വ്യാജമാണെന്ന് തെളിഞ്ഞിരിക്കുകയാണ്. മാത്രമല്ല, അദ്ദേഹം അഞ്ച് പ്രധാനപ്പെട്ട പേപ്പറുകൾ പ്രസന്റ് ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നതും തെറ്റാണെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുകയാണ്. Clause (7.3.) of the UGC

Regulations 2006 has prescribed the following for the selections and appointment of a Vice Chancellor. ഒരു വൈസ് ചാൻസലർക്കുവേണ്ട പ്രാഥമികമായ കാര്യം, 'Persons of the highest level of competence, integrity, morals and institutional commitment are to be appointed as Vice Chancellors'. പത്തിരുപത്തിയഞ്ച് പ്രധാനപ്പെട്ട കാര്യങ്ങൾ, ലോകത്തിലെ സർവ്വകലാശാലകളുമായും ലോകത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട് എന്ന തെറ്റായ വിവരം ഒരു സെർച്ച് കമ്മിറ്റിക്ക് കൊടുക്കുകയും ആ സെർച്ച് കമ്മിറ്റി അത് പരിശോധിക്കാതെ അദ്ദേഹത്തെ വൈസ് ചാൻസലറായി നിയമിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യമാണ്. ബഹുമാനപ്പെട്ട ഗവർണർ ചോദിച്ചിരിക്കുന്ന ചോദ്യത്തിനും അദ്ദേഹം നൽകിയിട്ടുള്ളത് തെറ്റായ വിവരങ്ങളാണെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ അടിയന്തരമായ നടപടികൾ സ്വീകരിക്കണം. ഇതിനുമുൻപ് എം.ജി. യൂണിവേഴ്സിറ്റിയിൽ ഡോ. എ. വി. ജോർജ്ജുമായി ബന്ധപ്പെട്ട് ഒരു വിഷയം വന്നപ്പോൾ, അതായത് നിയമനാധികാരിയെ കബളിപ്പിച്ചുകൊണ്ട് തെറ്റായിദ്ധരിപ്പിച്ചുകൊണ്ട് ഇത്തരം നിയമനങ്ങൾ നേടിയാൽ ആ

നിയമനങ്ങൾ റദ്ദ് ചെയ്യപ്പെടേണ്ടതാണ് എന്നുള്ള ഒരു സുപ്രധാനമായ വിധി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നടത്തിയിട്ടുണ്ട്. ആ വിധിയുടെ പശ്ചാത്തലത്തിൽ ഇങ്ങനെയൊരു വലിയ സ്ഥാപനത്തിൽ നേതൃത്വപദവിയിലിരിക്കുന്ന ഒരാൾ, ഇതുപോലെ കേരളത്തിലെ ഒരു സെർച്ച് കമ്മിറ്റിയെയും സർവ്വകലാശാലയെയും വിദ്യാർത്ഥികളെയും എല്ലാം കബളിപ്പിച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ നടപ്പാക്കിയ വൈസ് ചാൻസലറായ ആൾക്കെതിരായി കർശനമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരള കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലർ നിയമനത്തിനായി സമർപ്പിച്ച ബയോഡാറ്റയിൽ നിലവിലെ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു തെറ്റായ വിവരങ്ങൾ സമർപ്പിച്ചാണ് നിയമനം നേടിയതെന്ന് തൃശ്ശൂർ സ്വദേശി ശ്രീ. സത്യശീലൻ വി. എസ്. എന്നയാൾ കൃഷി വകുപ്പുമന്ത്രിക്ക് പരാതി നൽകിയിരുന്നു. ടി പരാതിയിൽ സർക്കാർ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബയോഡാറ്റയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും

പ്രവർത്തനപരിചയവും സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർതലത്തിൽ ഗൗരവതരമായിത്തന്നെ പരിശോധിക്കുന്നതും അടിയന്തരമായ തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്.

## 2. ദേശീയ ജലപാത

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ ഗതാഗതമേഖലയിലും ടൂറിസം രംഗത്തും ഒരു പുതിയ അദ്ധ്യായം കുറിച്ചുകൊണ്ടാണ് ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദേശീയ ജലപാതയുടെ 520 കിലോമീറ്റർ പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇന്നത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ വലിയ വികസനക്കുതിപ്പാണ് ഉണ്ടാക്കുവാൻ പരിശ്രമിക്കുന്നത്. അത് ജലഗതാഗത, വ്യോമമേഖലകളിലാകെ വലിയമാറ്റം പ്രതിഫലിക്കുന്നതുമാണ്. എല്ലാ ഉൾനാടൻ ജലാശയങ്ങളെയും ഒറ്റ രജിസ്ട്രേഷനുകീഴിൽ കൊണ്ടുവരുന്നതിനുള്ള ബിൽ കേന്ദ്രസർക്കാർ കഴിഞ്ഞ ദിവസം ലോക്സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഓരോ സംസ്ഥാനത്തിന്റെയും സവിശേഷമായ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാനുള്ള

അവകാശം ഈ ബിൽ ഇല്ലാതാക്കുമെന്നുള്ള ഉത്കണ്ഠയുംകൂടി ഈ സമയത്ത് ഞാൻ പങ്കുവയ്ക്കുകയാണ്. ഇവിടെ ദേശീയ ജലപാതയുടെ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുവാൻ നമുക്ക് ഇനിയും കഴിയേണ്ടതുണ്ട്. കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പണി പൂർത്തീകരിച്ചാൽ, കോട്ടപ്പുറം-കോഴിക്കോട് ജലപാതയുടെ നിർമ്മാണം ഇനിയും ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ലായെന്നത് ഗൗരവമായ പ്രശ്നം തന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് കുറേയെങ്കിലും പ്രവർത്തനങ്ങൾ ഇന്നത്തെ ജലപാതയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. നാഷണൽ വാട്ടർ വേ ആയി 2016-ൽ കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചതിനുശേഷം ജലപാതയുടെ വീതികൂട്ടുന്നതടക്കമുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ലായെന്നതാണ് വസ്തുത. നാഷണൽ വാട്ടർ വേ ആയി പ്രഖ്യാപിച്ച ആലപ്പുഴ-ചങ്ങനാശ്ശേരി ബോട്ട് റൂട്ട്, ആലപ്പുഴ-കോട്ടയം അതിരമ്പുഴ കനാൽ, കോട്ടയം-വൈക്കം കനാൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. വടക്ക് ബേക്കൽ മുതൽ തെക്ക് കോവളം വരെ ജലഗതാഗത സൗകര്യം

ഒരുക്കുന്നതിലൂടെ താരതമ്യേന ചെലവും അതുപോലെ മലിനീകരണവും കുറഞ്ഞ യാത്രാസംവിധാനങ്ങൾ കേരളത്തിൽ യാഥാർത്ഥ്യമാകും. വേമ്പനാട് കായലിലെ ജലപാതയുടെ ഭാഗത്ത് ചരക്ക് ഗതാഗതം ആരംഭിക്കേണ്ടതാണ്. എറണാകുളത്തെ കൊച്ചിൻ റിഫൈനറിയിൽനിന്നും ടാങ്കർ ലോറിയിൽ ചവറയിലെ കെ.എം.എം.എൽ.-ലേയ്ക്ക് ദിനംപ്രതി ഇരുന്നൂറ് ടൺ അതായത് ഏകദേശം ഇരുപത് ടാങ്കർ ഹൈഡ്രോക്ലോറിക് ആസിഡും ഫർണസ് ഓയിലുമാണ് കൊണ്ടുപോകുന്നത്. കോട്ടയം പോർട്ടിലെത്താൻ കഴിയുന്ന നിലയിലേയ്ക്ക് വല്ലാർപാടത്തുനിന്നും ചരക്കുനീക്കം നടത്താൻ കഴിയുകയും ചെയ്യും. ആലപ്പുഴയിലടക്കം പത്ത് കാർഗോ ടെർമിനലുകളുടെ ബേ റോഡുകളുടെ ബിൽഡിംഗ് പണി പൂർത്തീകരിച്ചിട്ട് വർഷങ്ങളായി. ഇതൊന്നും പ്രവർത്തിക്കുന്നില്ല. ഇതെല്ലാം പ്രവർത്തനരഹിതമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണം. ഈ ടെർമിനലുകളെ പ്രവർത്തിപ്പിക്കുവാനും ചരക്കുഗതാഗതം ഫലപ്രദമായി നടത്താനും ഈ ജലപാതയെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന നിലയിലേയ്ക്കുള്ള നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ദേശീയ ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം നിലവിൽ ഗതാഗതയോഗ്യമായിട്ടുണ്ട്. കോട്ടപ്പുറം മുതൽ വടകരവരെ നിലവിലുള്ള ജലപാതയിലെ ചില ലോക്കുകളും പാലങ്ങളും പൂർത്തിയാക്കാനുണ്ട്. മാഹി മുതൽ ബേക്കൽ വരെയുള്ള ജലപാതയിലെ മാഹി-എരഞ്ഞോളി, എരഞ്ഞോളി - ധർമ്മടം, അഞ്ചരക്കണ്ടി - വളപട്ടണം എന്നീ ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കുന്നതിനുള്ള നടപടി ഏറ്റെടുത്തുവരികയാണ്. ഭൂമിയേറ്റെടുക്കലും കനാൽ നിർമ്മാണവും പുനരുദ്ധാരണവും കനാൽ പുറമ്പോക്കുകളിലെ ഭൂരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യമിടുന്നത്. ദേശീയജലപാത യാഥാർത്ഥ്യമാകുന്നതോടെ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനും അന്തരീക്ഷ മലിനീകരണം കുറച്ചുകൊണ്ടുവരുന്നതിനും കഴിയും. ശേഷിക്കുന്ന സംസ്ഥാന ജലപാത ഗതാഗതയോഗ്യമാക്കി 2025-ഓടെ പശ്ചിമ തീരദേശ ജലപാത സജ്ജമാക്കുന്നതിൽ ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലപാതയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ഉയരം കുറഞ്ഞ,

വീതികുറഞ്ഞ പാലങ്ങളുടെ പുനർനിർമ്മാണം കനാലിന്റെ വീതികൂട്ടൽ, ആഴം കൂട്ടൽ പ്രവൃത്തികൾ എന്നിവയാണ് നടപ്പാക്കിവരുന്നത്.

3. ശമ്പളപരിഷ്കരണവും പെൻഷനും

ശ്രീമതി സി. കെ. ആശ: സർ, ശുചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണവും പെൻഷനും നടപ്പിലാക്കുന്നതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. പൊട്ടിയൊലിക്കുന്ന ഇരുമ്പ് ബക്കറ്റിൽ മനുഷ്യവിസർജ്ജ്യം തലയിൽച്ചുമന്ന് സമൂഹത്തിന്റെ അവജ്ഞയും പരിഹാസവും ഏറ്റുവാങ്ങി ജീവിച്ചിരുന്ന തോട്ടികൾ എന്നറിയപ്പെടുന്ന ഒരു വിഭാഗത്തെ നമുക്കറിയാം. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും നിരന്തര പോരാട്ടങ്ങളിലൂടേയും ഇടപെടലുകളിലൂടേയും കേരളീയ സമൂഹത്തിൽനിന്നും തോട്ടിപ്പണി അവസാനിപ്പിക്കുവാൻ സാധിച്ചു. എന്നാൽ, മനുഷ്യമാലിന്യമൊഴിച്ച് മറ്റെല്ലാ മാലിന്യങ്ങളും - ചത്ത പട്ടിയുടെയും പൂച്ചയുടെയും ചീഞ്ഞളിഞ്ഞ ശരീരഭാഗങ്ങളുൾപ്പെടെ- നിരത്തുകളിൽ നിന്നും എടുത്തുമാറ്റി ജനജീവിതത്തെ സുഗമമാക്കുന്ന നഗര ശുചീകരണത്തൊഴിലാളികളുടെ ജീവിതാവസ്ഥ ഇന്നും പരിതാപകരമായി തുടരുകയാണ്. മാറിമാറി വരുന്ന സർക്കാരുകൾ, പ്രത്യേകിച്ച് തൊഴിലാളി

ആഭിമുഖ്യം പുലർത്തുന്ന ഇടതുപക്ഷ സർക്കാരുകൾ ഈ വിഭാഗത്തിനുവേണ്ടി നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, അവരുടെ സേവന-വേതന ഘടന സമൂഹത്തിലെ മറ്റ് തൊഴിലാളികളുടെ വേതന ഘടനയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്ന് നമുക്ക് കാണാൻ സാധിക്കും. നിപാ, കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിൽ സ്വന്തം ആരോഗ്യവും കുടുംബവും സ്വജീവനും മറന്ന് സമൂഹത്തിന്റെ ആരോഗ്യവും നാടിന്റെ നന്മയും മാത്രംകണ്ട് ജോലി ചെയ്തുവരുന്ന നഗര ശുചീകരണത്തൊഴിലാളികളുടെ ശമ്പളവും പെൻഷനും കാലോചിതമായി പരിഷ്കരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ശുചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി നിയോഗിച്ച കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിൽ തൊഴിലാളിവിരുദ്ധ പരാമർശങ്ങളുള്ളതായി അറിയുന്നു. അതിലെ സ്ഥിരം നിയമനങ്ങൾ പാടില്ലെന്നും പകരം കരാറടിസ്ഥാനത്തിൽ ആളുകളെ എടുക്കണമെന്നുമുള്ള നിലപാട് മാറ്റുകയും വേണം. പല നഗരസഭകളിലും ആവശ്യത്തിന് ശുചീകരണത്തൊഴിലാളികൾ ഇല്ലാത്തതിനാൽ ഉള്ള തൊഴിലാളികൾക്ക് അമിത ജോലി ചെയ്യേണ്ട അവസ്ഥയുമുണ്ട്. പല നഗരസഭകളിലും

തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തതയുമുണ്ട്. ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിലും റെഗുലർ സർവ്വീസിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സെർവന്റായിപ്പോലും ഈ വിഭാഗത്തിന് പ്രൊമോഷൻ സാദ്ധ്യതയില്ല. ഈ കാര്യങ്ങളെല്ലാം പരിഹരിച്ച് മെച്ചപ്പെട്ട വേതന ഘടന ഉറപ്പുനൽകി സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ജോലി ചെയ്യുന്ന ഈ വിഭാഗത്തെ സഹായിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, നഗര-മുനിസിപ്പൽ-കോർപ്പറേഷൻ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ 17-08-2016-ലെ സ.ഉ.(സാധാ.)118/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ അവർക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നത്. നഗര ശുചീകരണത്തൊഴിലാളികളുടെ പുതുക്കിയ ശമ്പള പരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനുംവേണ്ടി പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ട് നിലവിൽ സർക്കാർ പരിഗണിച്ചുവരികയാണ്. ശമ്പള പരിഷ്കരണ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ

പരിഗണനയിലാണ് ഇപ്പോഴുള്ളത്. 01-07-2019 മുതൽ മുൻകാല പ്രാബല്യത്തിലാണ് ശമ്പളക്കമ്മീഷൻ പുതുക്കിയ ശമ്പള പരിഷ്കരണം ശിപാർശ ചെയ്തിരിക്കുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ തൊഴിലാളിവിരുദ്ധ പരാമർശങ്ങൾ ഉള്ളതായും സ്ഥിരം നിയമനം പാടില്ലെന്നും കരാറടിസ്ഥാനത്തിൽ ആളുകളെ എടുക്കണമെന്ന നിലപാട് തള്ളിക്കളയണമെന്നുമാണ് സബ്മിഷനിലെ നിർദ്ദേശം. തൊഴിലാളിവർഗ്ഗ വിരുദ്ധമായ ഒരു നിർദ്ദേശവും അതിന്റെ ഭാഗമായിട്ടുണ്ടെന്ന് തോന്നുന്നില്ല. ആ രീതിയിൽ ഒരിക്കലും തൊഴിലാളികൾക്കെതിരായ രീതിയിലുള്ള ഒരു ശിപാർശയും അംഗീകരിക്കാനും സാധിക്കുന്നതല്ല. ചില നഗരസഭകളിൽ ആവശ്യത്തിൽ കൂടുതൽ തൊഴിലാളികളും ചില നഗരസഭകളിൽ വളരെ കുറവ് തൊഴിലാളികളുമുള്ള സാഹചര്യമുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രശ്നം പരിഹരിച്ച് നഗരസഭകൾക്കാവശ്യമുള്ള തൊഴിലാളികളെ മാത്രം നിയമിച്ച് അവർക്ക് മെച്ചപ്പെട്ട വേതന വ്യവസ്ഥകൾ നടപ്പിലാക്കണമെന്നാണ് ശമ്പളക്കമ്മീഷൻ ശിപാർശ. ഈ ശിപാർശയിന്മേൽ സർക്കാർ യാതൊരു തീരുമാനവും ഇതുവരെ കൈക്കൊണ്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് ശുചീകരണത്തൊഴിലാളികളെ നിയമിക്കുന്നത്. സ്ഥിരം

കണ്ടിജന്റ് തസ്തികയിൽ ഒഴിവുവരുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പകരം തൊഴിലാളികളായി ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. ചില അടിയന്തര സാഹചര്യങ്ങളിൽ ജോലിഭാരം ലഘൂകരിക്കുന്നതിനായി ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിന് കരാറടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കാറുണ്ട്. സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് അവരുടെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം നൽകാതെ വരികയാണെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടുന്നതാണ് നിലപാട്. കുടുംബശ്രീയുടെ സേവനവും പര്യാപ്തമാകാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുത്ത കണ്ടിജന്റ് ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താറുണ്ടെന്നതും ശരിയാണ്. 03-11-2006-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ നഗരസഭയിൽ തൊഴിലാളികൾക്കാവശ്യമായ സുരക്ഷാസംവിധാനങ്ങളും

നൽകുന്നുണ്ട്. ഓവർകോട്ട്, സോപ്പ്, ഗംബൂട്ട്, ഗ്ലൗസ്, റെയിൻകോട്ട് എന്നിവയും നൽകിവരുന്നു. കൂടാതെ, യൂണിഫോം അലവൻസ്, സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ്, വാഷിംഗ് അലവൻസ്, ചൂൽ അലവൻസ്, തയ്യൽക്കൂലി, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മെഡിക്കൽ ചെക്ക് അപ്പ് ആന്റ് ഹെൽത്ത് കാർഡ്, ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ്, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസ്, ചൈൽഡ് കെയർ അലവൻസ് എന്നിവയും നൽകിവരുന്നു. മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് കെ.എസ്.ആർ. പ്രകാരമുള്ള അവധിച്ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ല. എന്നാൽ, ആർജ്ജിത അവധി, അർദ്ധവേതന അവധി, Special Disability Leave, Maternity Leave, Paternity Leave, Hysterectomy Leave തുടങ്ങിയ അവധികൾ ഈ വിഭാഗം ജീവനക്കാർക്ക് സർക്കാർ അനുവദിച്ചുവരുന്നുണ്ട്. മിക്ക നഗരസഭകളിലും മാൻഹോൾ വൃത്തിയാക്കലുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നു. ജെ.സി.ബി., മിനി ജെ.സി.ബി., വാക്വംസക്കർ, ഹൈപ്രഷർ വാട്ടർ പമ്പ്, ഹിറ്റാചി, റൊബോട്ടിക് സിസ്റ്റം, മിനി ചെയിൻ ബ്ലോക്ക് എന്നിവ ഉപയോഗിച്ചാണ്

ഡ്രെയിനേജ് വൃത്തിയാക്കൽ പ്രക്രിയ നടക്കുന്നത്. മനുഷ്യ പ്രയത്നം പ്രയോജനപ്പെടുത്തുന്ന നഗരങ്ങളിൽ മതിയായ പരിശീലനം നൽകി സുരക്ഷാസംവിധാനത്തോടുകൂടിയാണ് വൃത്തിയാക്കൽ നടന്നുവരുന്നത്.

## 4. കടൽഭിത്തി നിർമ്മാണം

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ തീരദേശമുള്ള മണ്ഡലമാണ് അമ്പലപ്പുഴ. ഏതാണ്ട് പൂർണ്ണമായും അറബിക്കടൽ അതിരിടുന്ന മണ്ഡലമാണ്. എല്ലാ വർഷങ്ങളിലും കടലാക്രമണം രൂക്ഷമായി അനുഭവിക്കുന്ന പ്രദേശമാണ്. കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുമാത്രം പറഞ്ഞാൽ 172 കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവന്ന പ്രദേശമാണിത്. തോട്ടപ്പള്ളി ഭാഗത്ത് ഹൈവേയോട് ചേർന്ന് കടൽ കാണാൻ കഴിയും. 30 മീറ്റർ മാത്രമാണ് റോഡും കടലുമായുള്ള ദൂരം. ഇപ്പോഴും കടലാക്രമണം രൂക്ഷമായുണ്ടാകുന്ന പ്രദേശമാണ്. അവിടെ പുലിമുട്ടില്ല. അതുകൊണ്ട് തോട്ടപ്പള്ളി ഹാർബർ കഴിഞ്ഞ് ഈ പറയപ്പെടുന്ന ഹൈവേയോട് ചേർന്നുള്ള ഭാഗം മുതൽ വടക്കോട്ട് മൂന്ന് കിലോമീറ്റർ, മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ ബീച്ച് വരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി

നിർമ്മിക്കേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആശുപത്രികൾ ഈ തീരത്തോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. അതുപോലെ ആലപ്പുഴ ബൈപ്പാസ് ഈ തീരത്തുകൂടിയാണ് പോകുന്നത്. ബൈപ്പാസും കടലുമായി വളരെ ചെറിയ ദൂരം മാത്രമാണുള്ളത്. പുന്നപ്ര മുതൽ ആലപ്പുഴ ബീച്ച് വരെയും മാത്തേരി മുതൽ പുറക്കാട് വരെയും പുലിമുട്ട് നിർമ്മിക്കാനാവശ്യമായ പദ്ധതികൾ ഇപ്പോൾ തയ്യാറാക്കിയിട്ടില്ല. ഇപ്പോൾ പുലിമുട്ട് നിർമ്മാണം നടക്കുന്ന കുറച്ചുദൂരം സെൻട്രൽ ഷെയറില്ലാതെ കിഫ്ബിയുടെ മാത്രം ഫണ്ടുപയോഗിച്ചാണ് ചെയ്യുന്നത്. അത് 'നക്ഷത്രക്കല്ലുകൾ' എന്ന സ്കീമിൽ വിജയകരമായിട്ടാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അമ്പലപ്പുഴ മണ്ഡലത്തിന്റെ മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ ബീച്ച് വരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് എന്നീ പഞ്ചായത്തുകളിലെ കക്കാഴം മുതൽ പുന്നപ്ര വരെയുള്ള

തീരപ്രദേശങ്ങളിൽ കുറേവർഷങ്ങളായി കടലാക്രമണം മൂലമുണ്ടായിരുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് പ്രതിരോധ പ്രവൃത്തികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്ന് ധനസഹായം ലഭ്യമാക്കി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

അമ്പലപ്പുഴ മണ്ഡലത്തിൽ ഏകദേശം 23 കിലോമീറ്റർ കടൽത്തീരമുള്ളതിൽ മിക്കവാറും എല്ലാ ഭാഗത്തും രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നു. ഈ ഭാഗങ്ങളിൽ വളരെയധികം വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുകയും ചെയ്തുവരുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്ന അമ്പലപ്പുഴ കോമന മുതൽ കക്കാഴം വരെയും വളഞ്ഞവഴി മുതൽ പുന്നപ്ര കൃഷി ഹാർബർ വരെയും കിഫ്ബി ഫണ്ടുപയോഗിച്ച് 3.24 കിലോമീറ്റർ നീളമുള്ള കടൽത്തീരത്ത് 51.30 കോടി രൂപ ചെലവിൽ 30 പുലിമുട്ടുകളുടെയും 305 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെയും നിർമ്മാണം നടന്നുവരുന്നു. മദ്രാസ് ഐ.ഐ.ടി.-യിൽനിന്നും ലഭിച്ച ഗ്രോയിൻസ് ഡിസൈൻ അനുസരിച്ച് പരമ്പരാഗത

രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കുപകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമ്മിതവുമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഈ പ്രവൃത്തികൾ 2022 മേയ് മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കും. ഇതുകൂടാതെ കക്കാഴം മുതൽ വളഞ്ഞവഴി വരെയുള്ള ഭാഗത്ത് മദ്രാസ് ഐ.ഐ.ടി. പഠനം നടത്തി രൂപകല്പന ചെയ്തപ്രകാരം 2.20 കിലോമീറ്റർ നീളത്തിൽ 11 പുലിമുട്ടുകൾക്കായി 43.03 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പുറക്കാട് മുതൽ അമ്പലപ്പുഴ കോമന വരെയുള്ള 3.90 കിലോമീറ്റർ ഭാഗത്ത് 44 പുലിമുട്ടുകളുടെ നിർമ്മാണം 50 കോടി രൂപയുടെ നബാർഡ് സഹായത്തോടെ 2016-ൽ ഈ വകുപ്പിന്റെ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. കോമന മുതൽ പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്റർ വരെ 5.5 കിലോമീറ്റർ നീളത്തിൽ കിഫ്ബിയിലുൾപ്പെടുത്തി എസ്.പി.വി. ആയ KIDCO-യുടെ മേൽനോട്ടത്തിൽ പുലിമുട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. അവിടത്തെ വിഷയങ്ങൾ വളരെ രൂക്ഷമാണെന്ന് ചുരുങ്ങിയ കാലംകൊണ്ടുതന്നെ ശ്രീ. എച്ച്. സലാം ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു.

ഏറ്റവും കൂടുതൽ കടൽത്തീരമുള്ള പ്രദേശമാണ് അമ്പലപ്പുഴ മണ്ഡലം. ഇവിടെ സൂചിപ്പിച്ചതുപോലെ, ആളുകളെ പുനരധിവസിപ്പിക്കാനും അതോടൊപ്പം പൊതുസ്ഥാപനങ്ങളെല്ലാം ഈ കടൽഭിത്തിയോട് ചേർന്നിരിക്കുന്നതിനാലും തോട്ടപ്പള്ളി - മാത്തേരി മുതൽ പുറക്കാട് വരെയുള്ള ഏകദേശം മൂന്ന് കിലോമീറ്റർ ദൂരവും പുന്നപ്ര മുതൽ വിജയ് പാർക്ക് വരെയുള്ള ഏഴ് കിലോമീറ്റർ ഭാഗവും കടൽത്തീര സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവൃത്തികൾക്ക് തുടക്കംകുറിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു. അത് എത്രയും പെട്ടെന്ന് തയ്യാറാകും. പ്രയോറിറ്റിയിൽ പ്രസ്തുത വർക്ക് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

## 5. വൈവിധ്യവൽക്കരണം

ശ്രീ. എം. വിജിൻ: സർ, കേരളത്തിലെ എന്നല്ല ഇന്ത്യയിലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അഭിമാനിക്കാൻ വകയുള്ള ഇലക്ട്രോണിക് സ്ഥാപനമാണ് കെൽട്രോൺ. കെൽട്രോണിന്റെ സ്ഥാപക ചെയർമാൻ കെ. പി. പി. നമ്പ്യാർ അദ്ദേഹത്തിന്റെ സ്വദേശമായ കല്ല്യാശ്ശേരിയിലെ

മാങ്ങാട്ടുപറമ്പിൽ Keltron Component Complex Ltd. (KCCL) സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനം മികച്ച നിലയിൽ മുന്നോട്ടുപോകുകയും ചെയ്യുകയാണ്. അവിടെ മികച്ചയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളുമാണ് നിർമ്മിച്ചുവരുന്നത്. കെട്ടിടത്തിന്റെ കാലപ്പഴക്കവും യന്ത്രസാമഗ്രികളുടെ പഴക്കവും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഈ പരിമിതികൾക്കുള്ളിലും സ്ഥാപനത്തെ നഷ്ടമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ നിലവിൽ സാധിക്കുന്നുണ്ട്. കണ്ണൂർ എയർപോർട്ടിൽനിന്ന് ഏകദേശം 30 കിലോമീറ്ററും അഴീക്കൽ തുറമുഖത്തുനിന്ന് 15 കിലോമീറ്ററും അതോടൊപ്പം നാഷണൽ ഹൈവേയോട് ചേർന്നും സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിലുള്ള കെൽട്രോൺ. കൺസ്യൂമർ ഇലക്ട്രോണിക്സിന്റെ സാധ്യതകൾകൂടി പരിശോധിച്ച് ടെക്നോളജി അപ്ഗ്രഡേഷൻ നടത്തിയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വൈവിധ്യവൽക്കരണം നടത്തിയും കെൽട്രോണിനെ ഇന്ത്യയിലെതന്നെ മികച്ച പൊതുമേഖലാ സ്ഥാപനമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിൽ സ്ഥിതിചെയ്യുന്ന Keltron Component Complex Ltd. (KCCL) വിവിധയിനം കപ്പാസിറ്ററുകളും റെസിസ്റ്ററുകളും നിർമ്മിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ്. കപ്പാസിറ്റർ നിർമ്മാണ രംഗത്ത് ഇന്ത്യയിലെ മുൻനിരയിലുള്ള കമ്പനിയാണ് Keltron Component Complex Ltd. എന്നാൽ ഈ കമ്പനി തുടർച്ചയായി നഷ്ടത്തിലായിരുന്നു. 2017-18 മുതൽ ആദ്യമായി ലാഭത്തിൽ പ്രവർത്തിച്ചു. 2017-18-ൽ 52.05 ലക്ഷം രൂപയും 2018-19-ൽ 101.68 ലക്ഷം രൂപയും 2019-20-ൽ 279.26 ലക്ഷം രൂപയും കോവിഡ് പ്രതിസന്ധി നിലനിന്നിട്ടും ഈ സാമ്പത്തികവർഷം ഇതുവരെ 120 ലക്ഷം രൂപയും ലാഭമുണ്ടാക്കിയിട്ടുണ്ട്. കമ്പനിയുടെ സമഗ്ര വികസനവും വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് പ്രോജക്ടുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. നാല് കോടി രൂപ മുതൽമുടക്കുള്ള എം.പി.പി. കപ്പാസിറ്റർ ഉല്പാദന കേന്ദ്രം 2017 മാർച്ചിലും രണ്ട് കോടി രൂപ മുതൽമുടക്കുള്ള എം.പി.പി. കപ്പാസിറ്റർ ഉല്പാദന കേന്ദ്രം 2021 ഫെബ്രുവരിയിലും കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ഡോ. കെ. പി. പി. നമ്പ്യാർ ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രം കമ്പനിയിൽ

ആരംഭിച്ചിട്ടുണ്ട്. 'വിഷൻ 2030' എന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കി കമ്പനിയുടെ കപ്പാസിറ്റർ ഉല്പാദനം വർദ്ധിപ്പിക്കാനും ഉയർന്ന വൈവിധ്യവൽക്കരണം നടപ്പാക്കാനും താഴെപ്പറയുന്ന പദ്ധതികളിലൂടെ കമ്പനി ലക്ഷ്യമിട്ടിട്ടുണ്ട്.

1. സൂപ്പർ കപ്പാസിറ്റർ ഉല്പാദനം
2. S.M.D. (Surface Mount Capacitor/Resistor/Crystal ഉല്പാദനം)
3. Active Electronic Components (Diode, Thyristor, Power IC മുതലായവയുടെ ഉല്പാദനം).

മേൽപ്പറഞ്ഞ പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ സമീപഭാവിയിൽ കമ്പനിയിൽ വലിയ തോതിൽ വിറ്റുവരവ് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലൂടെ കൂടുതൽ പ്രത്യക്ഷ തൊഴിലവസരങ്ങളും പദ്ധതികളുമായി ബന്ധപ്പെട്ട് അനേകം താൽക്കാലിക തൊഴിലവസരങ്ങളും അതിനോടൊപ്പമുള്ള അനുബന്ധ ചെറുകിട വ്യവസായ രംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാദ്ധ്യതകളും കാണുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വൈവിധ്യവൽക്കരണ പദ്ധതിയുടെ തുടർച്ചയായി ഈ സർക്കാർ

ആവിഷ്ക്കരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് കൂടുതൽ വിറ്റുവരവും ഉയർച്ചയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും നേടാൻ കഴിയുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ രൂപത്തിൽ നല്ല മുന്നേറ്റം പ്രസ്തുത സ്ഥാപനത്തിനുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## 6. പരിസ്ഥിതിലോല നിയമത്തിന്റെ പരിധി

ശ്രീ. സണ്ണി ജോസഫ്: സർ, രാജ്യത്തെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റിലും ESZ (Eco-Sensitive Zone) സ്ഥാപിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കും ഇതുസംബന്ധിച്ച്, പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട്, കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും വ്യാപകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 100 മീറ്റർ മുതൽ 3 കിലോമീറ്ററും അതിലുപരിയുമായ സ്ഥലങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, വ്യാപാര വാണിജ്യ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. അതിനെതിരായി ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. 2020-ലാണ് ഈ

വിജ്ഞാപനം കരടായി വന്നത്. അത് പരിഗണിച്ചുകൊണ്ട് കേരളം സീറോ പോയിന്റായി നിശ്ചയിക്കണമെന്ന രൂപത്തിലുള്ള നിർദ്ദേശങ്ങൾ ഭേദഗതിയായി സമർപ്പിച്ചിരുന്നെങ്കിലും കേന്ദ്രം വീണ്ടും അത് പരിശോധിച്ച് സ്വീകാര്യമല്ലെന്ന നിലയിൽ മടക്കിയിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ആറളം വന്യജീവി സങ്കേതവും കൊട്ടിയൂർ വന്യജീവി സങ്കേതവുമുണ്ട്. അവിടെ 100 മീറ്റർ മുതലുള്ള പ്രദേശങ്ങൾ, 3 കിലോമീറ്റർ, 600 മീറ്റർ വരെയുള്ള പ്രദേശങ്ങൾ ഇങ്ങനെ വളരെ വ്യത്യാസത്തിൽ ESZ വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയേയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളേയും അത് ബാധിക്കും. ആറളം പൂർണ്ണമായും ആദിവാസി പുനരധിവാസ മേഖലയാണ്. അവർക്ക് ഒരേക്കർ സ്ഥലമാണ് കിട്ടിയിട്ടുള്ളത്. ആ സ്ഥലം പൂർണ്ണമായും നഷ്ടപ്പെടുന്ന അല്ലെങ്കിൽ അവിടെ അവർക്ക് സ്വാതന്ത്ര്യമില്ലാതാകുന്ന പ്രശ്നം വരും. കേളകം പഞ്ചായത്ത് ഇതിന്റെ ഭാഗമായി വരും. വളയംചാൽ, പൂക്കുണ്ട്, മുട്ടുമാറ്റി, അടയ്ക്കാത്തോട്, കരിയംകാപ്പ്, രാമച്ചി എന്നിവ പട്ടികവർഗ്ഗ കോളനികളാണ്. ഈ കോളനികൾ വനാതിർത്തിയോട് ചേർന്ന് നിൽക്കുകയാണ്. അതിന്റെ നടുവിലായി പുഴ ഒഴുകുന്നുണ്ട്, നല്ല പി.ഡബ്ല്യൂ.ഡി. റോഡുണ്ട്. അവിടെ ESZ

വന്നുകഴിഞ്ഞാൽ അവിടത്തെ കൃഷിയെയും ഭവന നിർമ്മാണത്തെയും റോഡ് നിർമ്മാണത്തെയുമൊക്കെ ബാധിക്കും. കുളങ്ങളും കിണറുകളും കുഴിക്കാൻ സാദ്ധ്യമല്ലാതാകും. മറ്റ് സംസ്ഥാനങ്ങൾ ഈ വിഷയം നന്നായി പ്രസന്റ് ചെയ്തു. അരുണാചൽ പ്രദേശിൽ അത് 0.5 മീറ്റർ മുതൽ 50 മീറ്ററായും ത്രിപുരയിൽ 10 മുതൽ 50 മീറ്ററായും വെസ്റ്റ് ബംഗാളിൽ 5 മീറ്ററായും കുറച്ചു. ത്രിപുരയിലെ ജനസാന്ദ്രത 350 ആണെങ്കിൽ കേരളത്തിലേത് 860 ആണ്. രാജ്യത്തെ വനംവിസ്തൃതിയുടെ കാര്യത്തിലും കേരളം ഒന്നാമതായി നിൽക്കുന്നു. ജനസാന്ദ്രതയിലും വനവിസ്തൃതിയിലും ഒന്നാമതായി നിൽക്കുന്ന പ്രദേശത്ത് പരിസ്ഥിതി ലോല, പരിസ്ഥിതി പ്രാധാന്യ പ്രദേശങ്ങൾ വന്നുകഴിഞ്ഞാൽ അത് അവിടത്തെ ജനങ്ങളെ സാരമായി ബാധിക്കും. വൃക്ഷാവരണം കേരളത്തിൽ 54 ശതമാനമാണ്. ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കഴിഞ്ഞ സമ്മേളനത്തിലും ഈ സമ്മേളനത്തിലും വന്യമൃഗശല്യത്തെ സംബന്ധിച്ച് സഭയിൽ ആവർത്തിച്ച് ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എന്റെ മണ്ഡലത്തിലെ ആറളം ആദിവാസി മേഖലയിൽ ആനയുടെയും പന്നിയുടെയും ആക്രമണത്തിന്റെ ഫലമായി എട്ടോളം ആളുകൾ അടുത്ത വർഷങ്ങളിലായി മരണപ്പെട്ടിട്ടുണ്ട്. കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയം ഇതിനെ എങ്ങനെയാണ് വ്യാഖ്യാനിച്ചത്? ഇപ്പോൾത്തന്നെ അവിടെ വന്യജീവികളുടെ സാന്നിദ്ധ്യമുള്ളതുകൊണ്ട് ഈ പ്രദേശങ്ങൾ ESZ ആക്കണമെന്ന നിലയിൽ കേരളത്തിനെതിരായ വ്യാഖ്യാനമാണ് അവർ നൽകിയിട്ടുള്ളത്. അതുകൊണ്ട് കേരളത്തിന്റെ പ്രശ്നം നല്ലതുപോലെ സമർത്ഥിക്കാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ എം.എൽ.എ.-യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മോണിറ്ററിംഗ് കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. എന്നാൽ പുതിയ നിർദ്ദേശത്തിൽ എം.എൽ.എ.-യെ ഒഴിവാക്കിയിരിക്കുകയാണ്. എം.എൽ.എ.-യെ ഒഴിവാക്കിയാൽ ജനങ്ങളുടെ കാര്യങ്ങൾ സംസാരിക്കാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനേയോ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനേയോ മോണിറ്ററിംഗ് കമ്മിറ്റിയിലുൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ ശക്തമായ നിലപാട് കേന്ദ്രത്തെ അറിയിക്കേണ്ടതായിട്ടുണ്ട്. ഇവിടെ സീറോ പോയിന്റായി തന്നെ ESZ നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ വനം വകുപ്പുമാത്രം ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ ജനപ്രതിനിധികളുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഭരണനേതൃത്വത്തിന്റെ ശക്തമായ ഇടപെടലും ന്യായമായ പരിഹാരവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. സണ്ണി ജോസഫ് മലയോര മേഖലയിൽ പൊതുവെ ജനങ്ങളെയും ജനപ്രതിനിധികളെയും ബാധിക്കുന്ന പ്രശ്നമാണ് ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഭാഗമായി ഒടുവിൽ പറഞ്ഞത് പ്രാദേശിക സമിതികളിൽ നിന്ന് ജനപ്രതിനിധികളെ (എം.എൽ.എ.യേയും പഞ്ചായത്ത് പ്രസിഡന്റിനെയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും) ഒഴിവാക്കിയിട്ടുണ്ടെന്നാണ്. എനിക്ക് ലഭിച്ച നോട്ടീസിൽ അക്കാര്യം സൂചിപ്പിച്ചിട്ടില്ലായിരുന്നു. തീർച്ചയായും ജനപ്രതിനിധികളെക്കൂടി പ്രാദേശിക സമിതികളിൽ പങ്കാളികളാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നതാണ്. അദ്ദേഹംതന്നെ കുറച്ച് കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാർ വന്യജീവിസങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കുചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി വിജ്ഞാപനം ചെയ്യുന്ന പ്രദേശത്തെയാണ്

പാരിസ്ഥിതിക സംവേദക മേഖല അഥവാ ഇക്കോസെൻസിറ്റീവ് സോൺ എന്നുപറയുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 04/12/2006-ലെ ഉത്തരവ് പ്രകാരമാണ് വന്യജീവിസങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കുചുറ്റും ഇക്കോസെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനെ അടിസ്ഥാനപ്പെടുത്തി അനുയോജ്യമായ നിയമങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. അതനുസരിച്ച് 31/2019-ലെ 29/2019/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവിസങ്കേതങ്ങൾക്കുചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയുള്ള പ്രദേശം ഇക്കോസെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. അപ്രകാരം എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ 23 സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോസെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 03-01-2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ആയതിൽ കേന്ദ്ര വനം-പരിസ്ഥിതി

മന്ത്രാലയം ഇതിനകംതന്നെ 20 എണ്ണത്തിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിൽ മതികെട്ടാൻചോല ദേശീയ ഉദ്യാനത്തിന്റെ അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കരട് വിജ്ഞാപനത്തിലൂടെ നിജപ്പെടുത്തിയ ഇക്കോസെൻസിറ്റീവ് സോൺ സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 20-09-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇത്തരം സോണിൽനിന്ന് ജനസാന്ദ്രതകൂടിയ മേഖലകളേയും കൃഷിസ്ഥലങ്ങളെയും സർക്കാർ, അർദ്ധസർക്കാർ, പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് പുതിയ കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനസാന്ദ്രതകൂടിയ മേഖലകളെയും കൃഷിസ്ഥലങ്ങളെയും സർക്കാർ, അർദ്ധസർക്കാർ, പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ആറളം, കൊട്ടിയൂർ ഉൾപ്പെടെയുള്ള 14 വന്യജീവിസങ്കേതങ്ങൾക്കുചുറ്റുമുള്ള ഇക്കോസെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ

കരട് ഭേദഗതി നിർദ്ദേശം കേന്ദ്രസർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചു. പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൊട്ടിയൂർ വന്യജീവിസങ്കേതത്തിന്റെ ഇക്കോസെൻസിറ്റീവ് സോൺ 22.34 ചതുരശ്ര കിലോമീറ്ററായിരുന്നു. ഇത് 12.91 ചതുരശ്ര കിലോമീറ്ററായി കുറച്ചിട്ടുണ്ട്. ആറളം വന്യജീവി സങ്കേതത്തിന്റെ ഇക്കോസെൻസിറ്റീവ് സോൺ 12.4 ചതുരശ്ര കിലോമീറ്ററിൽനിന്നും 10.136 ചതുരശ്ര കിലോമീറ്ററായും കുറച്ചിട്ടുണ്ട്. മംഗളവനം വന്യജീവിസങ്കേതത്തിനുചുറ്റുമുള്ള ഇക്കോസെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ബാക്കിയുള്ള 8 വന്യജീവി സങ്കേതങ്ങളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന് ആദ്യഘട്ടത്തിൽ സമർപ്പിച്ച കരട് വിജ്ഞാപനം നിർദ്ദേശങ്ങളിൽ ജനവാസ മേഖല ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പുതുക്കിയ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജനവാസ മേഖലയെയും കൃഷിസ്ഥലങ്ങളെയും പരമാവധി ഒഴിവാക്കിയാണ് പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഇതിന് അംഗീകാരം

ലഭിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും ഊർജ്ജിതമായി നടത്തുന്നതാണ്.

## 7. തുക ചെലവഴിക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസ വർഷം ആരംഭിച്ചിട്ട് രണ്ട് മാസമായെങ്കിലും ആയിരക്കണക്കിന് കുട്ടികൾക്ക് ഇപ്പോഴും ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള ഭാഗ്യമില്ലാതായിരിക്കുകയാണ്. സർക്കാർ ഇത് ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻവേണ്ടി പുറത്തെഴുത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തികമായി പ്രയാസമുള്ളതുകൊണ്ട് സ്പോൺസർ ചെയ്യാൻ ആളുകൾക്കും വളരെ ബുദ്ധിമുട്ടാണ്. രക്ഷിതാക്കളും അദ്ധ്യാപകരും കുട്ടികളും നേരിട്ടും ഫോൺ മുഖാന്തരവും എം.എൽ.എ.-മാരെ നിത്യേന വിളിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ സാധിക്കുന്നില്ല. ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള പുറത്തെഴുത്തിലെ സാമൂഹ്യനീതിയും അവസരതുല്യതയും ഉറപ്പുവരുത്തി വിദ്യാഭ്യാസത്തെ കൂടുതൽ കരുതലുള്ള ജനാധിപത്യ ഇടമാക്കിമാറ്റാൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. നേരത്തെ നമ്മുടെ നാട്ടിൽ ജാതിവിവേചനം ഉണ്ടായിരുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വേർതിരിവുമുണ്ടായിരുന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഡിജിറ്റൽ

ഡിവൈഡിന് പരിഹാരമുണ്ടാക്കാൻ കഴിയണം. എം.എൽ.എ. ഫണ്ടിൽനിന്ന് ഇപ്പോൾ നാല് കോടി രൂപ എടുത്തിട്ടുണ്ട്. ഇനി അതിൽ അവശേഷിക്കുന്ന നിശ്ചിത തുകയിൽനിന്ന് സ്കൂൾ അധികൃതരും വിദ്യാഭ്യാസ അധികൃതരും നിർദ്ദേശിക്കുന്ന കുട്ടികൾക്ക് ഫോൺ വാങ്ങിക്കൊടുക്കാൻ അനുവാദം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളുമൊക്കെ നിരന്തരമായി ബന്ധപ്പെടുന്നുണ്ടെങ്കിലും മിക്കവാറും എല്ലാ എം.എൽ.എ.-മാരും നിസഹായരാണ്. ഇതിനൊരു പരിഹാരമുണ്ടാക്കണം. ഞങ്ങളെ ഇതിൽനിന്ന് രക്ഷിക്കണം. അതോടൊപ്പംതന്നെ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം ഒരുക്കുകയും ചെയ്യണം. ഇതിനുമുമ്പ് ഒന്നര ലക്ഷം ടി.വി. വിതരണം ചെയ്തിരുന്നുവെങ്കിലും അതിൽ പലതും പ്രവർത്തിക്കുന്നില്ല. ഇതൊന്നും ഒരു രാഷ്ട്രീയ പ്രശ്നമല്ല. പ്രയോഗികമായി കുട്ടികൾ അനുഭവിക്കുന്ന പ്രയാസമാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്.

ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കുകയും പരമാവധി കുട്ടികൾക്ക് മൊബൈൽ ഫോൺ സൗകര്യം ലഭ്യമാക്കുകയും വേണം. എല്ലാ എം.എൽ.എ-മാരും മറ്റ് ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യപ്രവർത്തകരുമെല്ലാം ഇക്കാര്യത്തിൽ നല്ല സഹകരണം നടത്തി വലിയതോതിൽ ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇനിയും കുറേ കുട്ടികൾക്ക് ലഭിക്കാൻ ബാക്കിയുണ്ട്. അതുകൊണ്ടുതന്നെ നിലവിലെ നിയമമനുസരിച്ച് എം.എൽ.എ. ആസ്തിവികസന പദ്ധതി-പ്രത്യേക വികസന നിധി പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് ചില മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ഇതനുസരിച്ച് ഈ പറഞ്ഞ ഫണ്ടുകൾ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് അനുവദിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ, ടെലിവിഷൻ വിതരണം ചെയ്യുന്ന കാര്യത്തിൽ അങ്ങനെയൊരു പ്രത്യേക എക്സംപ്ഷൻ കൊടുത്തതനുസരിച്ച് കെ.എസ്.എഫ്.ഇ. കൈമാറുന്ന 75 ശതമാനം തുകയുടെ കൂടെ 25 ശതമാനം തുക കണ്ടെത്താനാകാതെ വരുന്നപക്ഷം, ടെലിവിഷന്റെ ആകെ വിലയുടെ 25 ശതമാനം എന്ന നിബന്ധനയ്ക്ക് വിധേയമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

കണ്ടെത്തേണ്ടതും തുടർന്ന് ഈ തുക എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നപക്ഷം നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നോ പ്രത്യേക വികസന നിധിയിൽ നിന്നോ സബ്സിഡിയായി അനുവദിച്ചുകൊടുക്കുന്നതിന് ഒരു പദ്ധതിയുണ്ടായിരുന്നു. അതനുസരിച്ച് കുറെയേറെ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ തന്നെ എം.എൽ.എ. ഫണ്ടിൽ നിന്നും 4 കോടിരൂപ എടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തിനോട് യാതൊരു എതിർപ്പുമുണ്ടായിട്ടില്ല. ഇത്തരം ഒരു നടപടികൊണ്ടുമാത്രം ഇത് പരിഹരിക്കാൻ കഴിയില്ലായെന്നുള്ളതാണ് അവസ്ഥ. വലിയതോതിൽ തുക വേണ്ടിവരുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ ഇടപെട്ട് സഭയിൽ പറഞ്ഞിട്ടുണ്ട്. ഡിജിറ്റൽ ഡിവൈഡിന്റെ പ്രശ്നം മൊബൈൽ ഫോണുകളല്ല മറിച്ച്, പൊതുവെ പ്രൊമോട്ട് ചെയ്തത് ലാപ്ടോപ്പുകളോ ടാബുകളോ ആണ്. ഡിജിറ്റൽ ലൈബ്രറി പോലുള്ള സങ്കൽപ്പങ്ങൾ ധാരാളം വരുന്നുണ്ട്. ഇതുപോലുള്ള കാര്യങ്ങൾ പ്രൊമോട്ട് ചെയ്യുന്നുണ്ട്. കണക്ടിവിറ്റി പരമാവധി സ്ഥലത്തേയ്ക്ക് എത്തിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത് യോഗങ്ങൾ

വിളിച്ചിരുന്നു.

ഡിജിറ്റൽ ഉപകരണങ്ങളുള്ള ആളുകളും വിലകുറഞ്ഞ രീതിയിൽ വാങ്ങാൻ കഴിയുന്ന ആളുകളുമുണ്ട്. ഇതുകൂടാതെ തീരെ വാങ്ങാൻ ഗതിയില്ലാത്ത ആളുകളുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ അത്തരത്തിലുള്ളവരുടെ കണക്ക് എടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നു. മന്ത്രിസഭായോഗത്തിലും ഇക്കാര്യം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. എല്ലാ എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരും തദ്ദേശഭരണസ്ഥാപനങ്ങളിലെ ഭാരവാഹികളും ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരുമായി യോഗം ചേർന്ന് പരമാവധി ജനങ്ങളുടെ സപ്പോർട്ടോടുകൂടി ഈ ദൗത്യം വിജയിപ്പിക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്നപോലെ ഒരു പ്രത്യേക ഹെഡ്ഡിൽ ഇതിനുള്ള സഹായം സ്വീകരിച്ച് പരമാവധി വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു വശത്തുകൂടി ഇതെല്ലാം നടക്കുമ്പോഴും മറുവശത്ത് നേരത്തെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു പ്രശ്നവുമുണ്ട്.

ടെലിവിഷൻ വിതരണം ചെയ്തകാര്യം പറഞ്ഞതുപോലെ, കെ.എസ്.എഫ്.ഇ. വഴിയുള്ള ലാപ്ടോപ്പിന്റെ കാര്യവും സഭയിൽ ഉന്നയിച്ചിരുന്നു. 62,000-ത്തോളം ലാപ്ടോപുകൾ നേരത്തെ കുടുംബശ്രീ വഴി രജിസ്റ്റർ ചെയ്തിരുന്നു. അത്രയും ലാപ്ടോപുകൾക്കായി എഗ്രിമെന്റ് വച്ചത് ലെനോവ, എയ്സർ, എച്ച്.പി. അടക്കമുള്ള കമ്പനികളുമായാണ്. എന്നാൽ അവർക്ക് സമയബന്ധിതമായി എത്തിക്കാൻ സാധിക്കുന്നില്ല. കോവിഡ് സാഹചര്യത്തിൽ സാധനങ്ങൾ കിട്ടുന്നില്ല, ഉല്പാദനം ബുദ്ധിമുട്ടാണ് എന്നൊക്കെയാണ് അവർ പറയുന്നത്. അതുകൊണ്ട് ഇവിടെ ഉയർത്തിയ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ, ലാപ്ടോപ്പുകൾ സമയത്തിന് നൽകാത്ത കമ്പനികൾക്ക് നേരെ നിയമനടപടി സ്വീകരിക്കാനുള്ള കാര്യങ്ങൾ ആലോചിച്ചുകൊണ്ട് നേരത്തെ കൊടുക്കാമെന്ന് പറഞ്ഞ 15,000-20,000 രൂപ വരെ വായ്പ കൊടുക്കാനുള്ള സംവിധാനത്തെപ്പറ്റി ആലോചിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത 62,000-ത്തോളം വരുന്ന ആളുകൾക്കെല്ലാം ഡിജിറ്റൽ ഉപകരണങ്ങൾ കൊടുക്കാനുള്ള പ്രോസ്സസ് നടന്നുവരികയാണ്. അത് അടിയന്തരമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ, വിദ്യാതരംഗിണി പദ്ധതിയിൽ സഹകരണമേഖലയിൽ ഒരു പദ്ധതി

പ്രഖ്യാപിച്ചിട്ടുണ്ട്. 32,634 എക്വിപ്‌മെന്റുകളാണ് നൽകാനുദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള ലോണുകൾ ഇപ്പോൾ കൊടുത്തുകഴിഞ്ഞു. ഇനിയും കൊടുക്കാനുണ്ട്. അതിനുള്ള ഫണ്ട് ആലോചിച്ച് തീരുമാനിച്ചതനുസരിച്ച് തന്നെ നൽകും. പൊതുവിൽ ആ ഒരു സ്കീം നടക്കുന്നതായിരിക്കും എം.എൽ.എ-മാരുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനങ്ങൾ ക്കൊക്കെ സഹായകരമാകുന്നത്. എം.എൽ.എ-മാരും പൊതുപ്രവർത്തകരും നേരിടുന്ന പ്രശ്നം തന്നെയാണ് ഇവിടെ ഉന്നയിച്ചത്. സർക്കാർ ഇങ്ങനെയൊരു സ്കീം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ നിർദ്ദേശം കൂടി പരിശോധിക്കാവുന്നതാണ്. ഇപ്പോൾ ഇങ്ങനെയൊരു നല്ല പദ്ധതിയാണ് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നത്.

8. <u>കമ്മ്യൂണിറ്റി സ്കിൽ പാർക്ക്</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ കുന്നമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശം ഒരേക്കർ ഭൂമിയുണ്ട്. മറ്റ് പൊതു ആവശ്യങ്ങൾക്ക് ചോദിച്ചപ്പോൾ വിദ്യാഭ്യാസവകുപ്പിനുതന്നെ ഭൂമി ആവശ്യമുണ്ടെന്ന് പറഞ്ഞ് അത് തരാതിരിക്കുകയാണ്. അതേ അവസരത്തിൽ ASAP-ന്റെ കമ്മ്യൂണിറ്റി

സ്കിൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസലുണ്ടായിരുന്നു. ഉദ്യോഗസ്ഥർ വന്ന് പരിശോധിച്ച് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയെങ്കിലും തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അടിയന്തരമായി തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് കുന്നമംഗലം ടൗണിന്റെ ഹൃദയഭാഗത്തുള്ള ഈ സ്ഥലം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, അധിക നൈപുണ്യ ആർജ്ജന പദ്ധതി (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പാ സഹായത്തോടെയുള്ള ഒരു പദ്ധതിയാണ്. 2012-ൽ ആരംഭിച്ച ഈ പദ്ധതിയുടെ അടങ്കൽ തുകയിൽ 68 ശതമാനം എ.ഡി.ബി. വായ്പാസഹായമായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടങ്കൽ തുകയും പ്രവർത്തനങ്ങളും മറ്റും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ പദ്ധതിയുടെ വിവിധ ഘടകങ്ങളും ഡിസ്ബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകളും പദ്ധതി ആരംഭത്തിൽ തന്നെ നിർവ്വചിക്കപ്പെടുകയുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ നിർവ്വചിച്ച്

നിശ്ചയിക്കപ്പെടുന്ന ഘടകത്തിൽപ്പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. സംസ്ഥാനത്ത് 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥലലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ തീരുമാനിക്കപ്പെട്ട കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ള സ്ഥലം നിർണ്ണയിച്ച് നിശ്ചയിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കുന്നമംഗലത്തുള്ള സ്ഥലം പരിഗണിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും ടി സ്ഥലത്തിന്റെ പകുതി മുമ്പ് പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ബാക്കി ഭാഗം ഏറെനാളായി ഉപയോഗശൂന്യമായി കിടക്കുകയാണെന്നും കണ്ടെത്തി. ഈ സ്ഥലം കിടക്കുന്ന കുത്തനെയുള്ള കുന്നിൻപ്രദേശത്തിന്റെ മുകൾഭാഗത്തേയ്ക്ക് എത്തിപ്പെടാനായി നീളമുള്ളതും കുത്തനെയുള്ളതുമായ അപ്രോച്ച് റോഡ്

നിർമ്മിക്കേണ്ടിവരുമെന്നും പോലീസ് വകുപ്പിന് നേരത്തെ കൈമാറിയിരുന്ന സ്ഥലത്തുനിന്ന് ഗണ്യമായ ഭാഗം ലഭിച്ചാൽ മാത്രമേ അത്തരത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാകൂ എന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലായെന്നാണ് വിലയിരുത്തപ്പെട്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ കുന്നമംഗലം മണ്ഡലത്തിലെ പ്രസ്തുത സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുവാൻ നിർവ്വാഹമില്ലായെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് 11.12.2020-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബഹുമാന്യനായ കുന്നമംഗലം എം.എൽ.എ അഡ്വക്കേറ്റ് പി.ടി.എ. റഹീമിന് അന്ന് ഔദ്യോഗിക കത്ത് അയച്ചിട്ടുള്ളതാണ്. മുൻനിശ്ചയപ്രകാരമുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായതുകൊണ്ടും എ.ഡി.ബി. വായ്പയുടെ കാലാവധി അവസാനിച്ചതുകൊണ്ടും പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

9. <u>കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ</u>

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, തിരുവമ്പാടി മണ്ഡലത്തിലെ മലയോര

മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനും ഗതാഗതരംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുംവേണ്ടി 2010-ൽ തിരുവമ്പാടിയിൽ ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ. സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് ബസ് ഹാൾട്ടിംഗും വർക്ക്ഷോപ്പും പഞ്ചായത്ത് കെട്ടിടത്തിൽ ഓഫീസും താൽക്കാലികമായി ഒരുക്കി. സ്ഥിരം സംവിധാനത്തിനായി ഗ്രാമപഞ്ചായത്ത് പൊതുജന പങ്കാളിത്തത്തോടെ ഒരേക്കർ സ്ഥലം വാങ്ങി 2014-15 വർഷം ശ്രീ. സി. മോയിൻകുട്ടി എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരുകോടി രൂപ അനുവദിച്ച് സ്ഥലസൗകര്യം ഒരുക്കുന്നതുൾപ്പെടെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ശ്രീ. ജോർജ്ജ് എം. തോമസ് എം.എൽ.എ.യുടെ 2016-17 ആസ്തിവികസന ഫണ്ടിൽനിന്നും സബ്ഡിപ്പോ നിർമ്മാണത്തിനായി മൂന്ന് കോടി രൂപ അനുവദിച്ചു. കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് വിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാത്ത സാഹചര്യത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് 30-04-2018-ന് ഗവൺമെന്റ് ഉത്തരവ് ഗതാഗതം 192/2018 പ്രകാരം ഭരണാനുമതി നൽകി. പ്രവൃത്തിയുടെ നിർവ്വഹണം ഊരാളുങ്കൽ

ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിക്കൊണ്ട് 26-07-2018-ലെ ഗവൺമെന്റ് ഉത്തരവ് 339/2018 പ്രകാരം പുതുക്കിയ ഭരണാനുമതിയും നൽകി. 2018-ൽ ബഹുമാനപ്പെട്ട മന്ത്രി പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ടിൽ മാറ്റം വരുത്തി 1-02-2020-ലെ ഗവൺമെന്റ് ഉത്തരവ് 50/2020 പ്രകാരം പുതുക്കിയ ഭരണാനുമതിയും നൽകി. ഇതിനിടെ കോടതി പരാമർശവും പ്രവൃത്തികളുടെ ആധിക്യവും ചൂണ്ടിക്കാട്ടി പ്രവൃത്തിയിൽനിന്ന് യു.എൽ.സി.സി. പിന്മാറി. ഈ കാര്യങ്ങളെല്ലാം സൂചിപ്പിച്ചും ഓപ്പൺ ടെണ്ടറിന് സാധ്യതവച്ചും ഈ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് 2020 ഒക്ടോബറിൽ സർക്കാരിനെ സമീപിച്ചെങ്കിലും കോർപ്പറേഷന്റെ അഭിപ്രായം അറിയിക്കാത്തതിനാൽ ഇതുവരെയും പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടില്ല. ഗതാഗത സെക്രട്ടറിയെയും കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലും ബഹുമാനപ്പെട്ട മന്ത്രിയെയും ബോധിപ്പിച്ചെങ്കിലും ഇതുവരെ തീരുമാനം വന്നിട്ടില്ല. പ്രാദേശിക സർക്കാർ, എം.എൽ.എ. ഫണ്ട്, പൊതുപങ്കാളിത്തം എന്നിവയൊക്കെയുള്ള ഒരു പദ്ധതിക്ക് വളരെ നിരുത്തരവാദിത്തപരമായ

സമീപനമാണ് വകുപ്പ് വരുത്തുന്നത്. തിരുവമ്പാടിയിൽ വളരെ അത്യാവശ്യമായ ഈ സ്ഥാപനവും ഓഫീസും നിലനിർത്തുന്നതിനും ആയതിന് കെട്ടിടം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ മുൻ എം.എൽ.എ. ശ്രീ. ജോർജ് എം. തോമസിന്റെ ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച 2,78,96,160 രൂപ ഉപയോഗിച്ച് തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ടി പ്രവൃത്തി ചെയ്യുന്നതിൽനിന്നും കോൺട്രാക്ട് എടുത്തവർ പിൻമാറിയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നതിന് മുൻ എം.എൽ.എ. അറിയിച്ചിരുന്നതിനാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് നൽകാൻ കെ.എസ്.ആർ.ടി.സി.യോട് ആവശ്യപ്പെട്ടിരുന്നു. തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത്

ഡെവലപ് ചെയ്യുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ ഇതുവരെ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയത് കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ ലഭ്യമായാൽ നിർമ്മാണം തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 10. ഡയാലിസിസ് സെന്റർ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് വിഷയങ്ങളാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒന്ന്, കെട്ടിടം പണി പൂർത്തിയായ വേങ്ങര സി.എച്ച്.സി.-യിൽ സർക്കാർ തലത്തിൽ ഒരു ഡയാലിസിസ് സെന്റർ ഉണ്ടായാൽ വളരെ നല്ലതായിരിക്കും. മണ്ഡലത്തിൽനിന്നും വളരെ ദൂരം കഴിഞ്ഞുമാത്രമേ ഒരു ഡയാലിസിസ് സെന്ററുള്ളൂ. വേങ്ങര സി.എച്ച്.സി.-യിൽ ആവശ്യമായ തസ്തികൾ സൃഷ്ടിച്ച് അതിനെ ഒരു ഡയാലിസിസ് യൂണിറ്റാക്കി മാറ്റണമെന്നതാണ് എന്റെ ആവശ്യം. അതുപോലെ എന്റെ മണ്ഡലത്തിലെ കുന്നുംപുറം ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സാ സൗകര്യമൊരുക്കി സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തണമെന്നുള്ളതാണ് ബഹുമാനപ്പെട്ട

ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന്റെ മണ്ഡലത്തിലെ കുന്നംപുറം എ.ആർ. നഗർ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ 13-02-2018-ൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ആയതിനുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയൊരു ആശുപത്രിയാണിത്. ഇവിടത്തെ ദിനംപ്രതിയുള്ള ശരാശരി ഒ.പി. നാന്നൂറിനും അഞ്ഞൂറിനും ഇടയിലാണ്. രാവിലെ ഒൻപത് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കുടുംബാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി 1.92 ഏക്കർ സ്ഥലമാണുള്ളത്. ഉടമസ്ഥാവകാശം ആരോഗ്യവകുപ്പിൽ നിലനിർത്തിക്കൊണ്ട് 10 സെന്റ് സ്ഥലത്ത് കുന്നംപുറം പാലിയേറ്റീവ് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നു. കുടുംബാരോഗ്യകേന്ദ്രത്തിൽ നിലവിൽ മൂന്ന് അസിസ്റ്റന്റ് സർജൻമാർ, രണ്ട് സ്റ്റാഫ് നേഴ്സ്, രണ്ട് ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിങ്ങനെ ഇരുപത് സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന്

അസിസ്റ്റന്റ് സർജനൾപ്പെടെ രണ്ട് ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. എൻ.എച്ച്.എം.-ൽ നിന്നും നാല് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും എച്ച്.എം.സി.-യിൽ നിന്നുമായി രണ്ട് ജീവനക്കാരും ജോലി ചെയ്തുവരുന്നുണ്ട്. കുടുംബാരോഗ്യകേന്ദ്രത്തിൽ നാല് ഡോക്ടർമാരുൾപ്പെടെ ഇരുപത്തിയെട്ട് ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സർക്കാർ നയപ്രകാരം ഒരു റവന്യൂ ബ്ലോക്കിൽ ഒരു സി.എച്ച്.സി./ബ്ലോക്ക് എഫ്.എച്ച്.സി. എന്നുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വേങ്ങര റവന്യൂ ബ്ലോക്കിൽ നിന്നും വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എ.ആർ. നഗർ കുടുംബാരോഗ്യകേന്ദ്രവും വേങ്ങര സി.എച്ച്.സി.-യും വേങ്ങര റവന്യൂ ബ്ലോക്കിന്റെ കീഴിലാണുള്ളത്. 20-03-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി 34,80,000 രൂപയുടെ ഭരണാനുമതി നൽകി തുക അനുവദിക്കുകയുണ്ടായി. വേങ്ങര ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള വിവരങ്ങൾ മറ്റൊരു സബ്മിഷനിൽ വിശദീകരിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല.

ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇവിടെ പറഞ്ഞ വിഷയം, വേങ്ങര സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിൽ നിലവിൽ ഒരു സി.എഫ്.എൽ.ടി.സി.-യാണ് പ്രവർത്തിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാന്റേർഡൈസേഷൻ നിശ്ചയിച്ച 22-01-2021-ലെ സർക്കാർ ഉത്തരവുപ്രകാരം സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നിഷ്കർഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഡയാലിസിസ് കേന്ദ്രം സംബന്ധിച്ച വിഷയം ഗൗരവത്തോടെ പരിശോധിക്കുന്നതാണ്.